# കോളേജ് ഓഫ് എൻജിനിയറിംഗ്
# ആറ്റിങ്ങൽ

15 ആഗസ്റ്റ് 2020

**<u>ഓൺലൈൻ ക്ലാസ് : വിദ്യാർത്ഥികൾക്കുള്ള പൊതു നിർദേശങ്ങൾ.</u>**

എല്ലാവർക്കും അറിയാവുന്നതുപോലെ കൊറോണ കാരണം കോളേജ് കഴിഞ്ഞ മാർച്ച് മുതൽ മുടങ്ങിക്കിടക്കുകയാണ്. ഇപ്പോഴത്തെ സ്ഥിതി വെച്ച് അടുത്ത സെമസ്റ്റർ പഠനം പൂർണമായും ഓൺലൈൻ വഴിയാകാനാണ് സാധ്യത. അതിനാൽ സെമസ്റ്ററിന്റെ തുടക്കം മുതൽ നമ്മൾ കൃത്യമായ പ്ലാനോടു കൂടി നീങ്ങുകയാണ്. ഇതിനായി താഴെ പറയുന്ന പൊതു നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1) 3, 5, 7 സെമസ്റ്ററുകളുടെ ഓൺലൈൻ ക്ലാസുകൾ 17/8/2020 ന് ആരംഭിക്കുന്നതാണ്. കൃത്യമായ ടൈം ടേബിൾ പിന്നീട് അറിയിക്കുന്നതാണ്.
2) ഗവൺമെന്റ് നിർദേശപ്രകാരം 8.30 am മുതൽ 1.30 pm വരെ ആയിരിക്കും ഓൺലൈൻ ക്ലാസുകൾ. (വെള്ളി 8 am മുതൽ 12.30 pm വരെയും) . തൽക്കാലം മൈനർ ക്ലാസുകൾ, ലാബുകൾ എന്നിവ അതാത് ഡിപ്പാർട്ട്മെന്റിലെ അധ്യാപകരുടെ ലഭ്യത അനുസരിച്ച് ഉച്ചതിരിഞ്ഞ് കൂടി ക്രമീകരിക്കുന്നതാണ്.
3) ഈ സെമസ്റ്റർ മുതൽ എല്ലാ വിദ്യാർത്ഥികൾക്കും കോളേജ് ഇമെയിൽ ഐഡി നൽകുന്നതാണ്. വിദ്യാർത്ഥികളുടെ email "ktuid@ceattingal.ac.in" എന്ന ഫോർമാറ്റിലായിരിക്കും. ഇതിനു വേണ്ട പാസ് വേർഡ് അതാത് സ്റ്റാഫ് advisor മാരുടെ പക്കൽ ലഭ്യമാണ്. google gsuite സംവിധാനമാണ് ഇതിന് ഏർപ്പെടുത്തിയിട്ടുള്ളത്. ഈ id കളുടെ ഉപയോഗം കൃത്യമായി മോണിറ്റർ ചെയ്യാൻ പറ്റും. (നിലവിൽ നിങ്ങളുടെ mail content college മോണിറ്റർ ചെയ്യുന്നില്ല. പക്ഷെ law enforcement agency കളുടെ റിക്വസ്റ്റ് വന്നാൽ ഇതു സംബന്ധിച്ച വിവരങ്ങൾ കോളേജ് അവർക്ക് ലഭ്യമാക്കുന്നതാണ്. അതിനാൽ ഈ ഐഡി ശ്രദ്ധാപൂർവ്വം ഉപയോഗിക്കുക. രാജ്യത്തെ സൈബർ നിയമങ്ങൾ ഓരോരുത്തരും കർശനമായി പാലിക്കേണ്ടതുണ്ട്.)
4) ഇനി മുതൽ കോളേജിന്റെ ഓൺലൈൻ പ്രവർത്തനങ്ങൾ Moodle platform ഉപയോഗിച്ചായിരിക്കും നടത്തുക. ഇതിനായി http://moodle.ceattingal.ac.in എന്ന സൈറ്റ് ക്രമീകരിച്ചിട്ടുണ്ട്. ഇതിലെ നിങ്ങളുടെ യുസർ നെയിം ktuid ആയിരിക്കും. password സ്റ്റാഫ് advisors ന്റെ പക്കൽ ലഭ്യമാണ്. ഓൺലൈൻ പ്രവർത്തനങ്ങൾ ഉത്തരവാദിത്വത്തോടെ നടത്താൻ ശ്രദ്ധിക്കുക.
5) നിങ്ങൾക്ക് മൂഡിൽ ആപ്പ് ഉപയോഗിച്ച് മൊബൈലിൽ നിന്നും സൈറ്റ് ഉപയോഗിക്കാം. അല്ലെങ്കിൽ വെബ് ബ്രൗസർ ഉപയോഗിക്കാം
6) ഈ സൈറ്റിൽ ലോഗിൻ ചെയ്താൽ നിങ്ങളുടെ ഈ സെമസ്റ്ററിലെ കോഴ്സുകൾ കാണാൻ സാധിക്കും. ഇലക്ടീവുകൾ,മൈനർ, ഹോണേർസ് കോഴ്സുകൾ ഉടനെ ലഭ്യമാകും.
7) ഓരോ കോഴ്സിലും ക്ലിക് ചെയ്താൽ ആദ്യ ടോപിക്ക് ആയി ഒരു ഗൂഗിൾ മീറ്റ് ലിങ്ക് കാണാം. ഈ ലിങ്കിലൂടെ ആയിരിക്കും ഈ വിഷയത്തിന്റെ ക്ലാസുകൾ നടത്തുന്നത്.

8) ഇതിൽ ക്ലിക് ചെയ്താൽ പുതിയ ഒരു വിൻഡോയിൽ ഗൂഗിൾ മീറ്റ് ഓപ്പൺ ആകും. ഇതിലേ പ്രവേശനം college email id വഴി മാത്രമായി restrict ചെയ്തിരിക്കുന്നു. നിങ്ങൾക്ക് meet ൽ കയറാൻ പറ്റുന്നില്ല എങ്കിൽ മീറ്റ് വിൻഡോയുടെ വലത് വശത്ത് മുകളിലുള്ള അക്കൗണ്ട് കോളേജ് email ഐഡി ആണെന്ന് ഉറപ്പ് വരുത്തുക. മറ്റ് ജീമെയിൽ ഐഡികളിൽ നിന്ന് ക്ലാസിൽ പ്രവേശനമുണ്ടാകുന്നതല്ല. നിങ്ങളുടെ ഗൂഗിൾ മീറ്റിൽ ihrd യുടെ മറ്റ് കോളേജുകളിലെ authorized വിദ്യാർത്ഥികൾ ചിലപ്പോൾ ഉണ്ടാകും. ഗുണമേൻമയുള്ള ക്ലാസുകൾ എല്ലാ കോളേജുകളിലും ലഭ്യമാക്കുന്നതിന്റെ ഭാഗമായി IHRD ഇത്തരത്തിൽ online student exchange program ഈ വർഷം മുതൽ നടത്തുന്നുണ്ട്. ഇത് നിങ്ങളുടെ ക്ലാസ് റൂം പ്രവർത്തനങ്ങളെ യാതൊരു വിധത്തിലും ബാധിക്കുകയില്ല. അതിനാൽ മീറ്റിൽ കാണുന്ന മറ്റ് വിദ്യാർത്ഥികളോട് ഉപചാരപൂർവ്വം ഇടപെടാൻ ശ്രദ്ധിക്കുക. Google meet റെക്കോഡ് ചെയ്യുന്നതാണ്. കൂടാതെ പങ്കെടുത്തവരുടെ വിവരങ്ങൾ gsuite log ൽ ഉണ്ടാകും.
9) എല്ലാ ലക്ചറുകളും റെക്കോഡ് ചെയ്യുന്നതാണ്. ലക്ചറുകൾ അവസാനിക്കുമ്പോൾ ഇതിന്റെ വീഡിയോ Moodle ൽ ലഭ്യമാകും. ഓരോ ലക്ചറിനൊപ്പവും 5 മുതൽ10 വരെ മൾട്ടിപ്പിൾ ചോയ്സ് ചോദ്യങ്ങൾ ഉള്ള ക്വിസ് ഉണ്ടാകും. വിദ്യാർത്ഥികൾ കഴിവതും live classes അറ്റൻഡ് ചെയ്യണം. ക്ലാസ് സമയത്ത് നെറ്റ് തടസം, മറ്റ് അസൗകര്യങ്ങൾ എന്നിവ മൂലം ലൈവ് ക്ലാസ് നഷ്ടപ്പെടുന്നവർക്ക് റെക്കോർഡഡ് ക്ലാസുകൾ കാണാം. തുടർന്ന് ഈ ക്ലാസിന്റെ ക്വിസ് attempt ചെയ്യാം. തൽക്കാലം ഇതിന് സമയ പരിധി വെച്ചിട്ടില്ല. വീഡിയോ കണ്ട് , ക്വിസ് attempt ചെയ്യുന്ന മുറക്ക് നിങ്ങളുടെ attendance automatic ആയി റെക്കോർഡ് ആകും. ഇതിനും സാധിക്കാത്തവർക്ക്, സാമൂഹിക അകലം പാലിച്ച് കോളേജിൽ വെച്ച് ക്ലാസ് കാണുന്നതിനുള്ള സൗകര്യം ഗവൺമെന്റ് അനുവദിക്കുന്ന പക്ഷം പിന്നീട് ചെയ്തു തരുന്നതാണ്. നിശ്ചിത അറ്റൻഡൻസ് നേടുന്നതിന് ഇപ്പോൾ വളരെ ഉദാരമായ സമീപനമാണ് ഉള്ളത്. ഇതിലൂടെ നിങ്ങളെത്തന്നെ സ്വയം വിലയിരുത്തുന്നതിന് സാധിക്കും. ഇത് ഒരു താൽക്കാലിക സംവിധാനമാണ്. ഭാവിയിൽ യൂണിവേർസിറ്റി നിർദേശങ്ങൾ അനുസരിച്ച് ഇതിന് ഭേദഗതികൾ ഉണ്ടായേക്കാം.
10) ഓരോ ആഴ്ചയും ഗ്രൂപ്പ് അസൈൻമെന്റുകൾ ഉണ്ടായിരിക്കും. അധ്യാപകർ class നെ മൂന്ന് കുട്ടികൾ വീതമുള്ള ഗ്രൂപ്പുകളായി തിരിച്ച് ഈ അസൈൻമെന്റുകൾ നൽകുന്നതാണ്. ഓരോ ഗ്രൂപ്പിനും പ്രത്യേക ചോദ്യങ്ങളാകും ഉണ്ടാവുക. Continuous evaluation, ക്വിസ്, assignment എന്നിവയെ അടിസ്ഥാനമാക്കി ആയിരിക്കും. Moodle ഈ പ്രവർത്തനങ്ങൾ automatic monitor ചെയ്യുന്നതിനാൽ കൃത്യസമയത്ത് പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.
11) Moodle server ഏതെങ്കിലും രീതിയിൽ തകരാറിലാകുന്ന പക്ഷം അതാത് അധ്യാപകർ മീറ്റിംഗ് ലിങ്ക് college email ൽ അയക്കുന്നതാണ്. അതിനാൽ Moodle outage പ്രശ്നങ്ങൾ ഉണ്ടെങ്കിൽ അതാത് അധ്യാപകരെ സമീപിക്കുക. നിലവിൽ Moodle server കോളേജിൽത്തന്നെയാണ് പ്രവർത്തിപ്പിക്കുന്നത്. Net തകരാർ , ഫൈബർ പ്രശ്നങ്ങൾ തുടങ്ങിയവ മൂലം ചിലപ്പോൾ മൂന്ന് മുതൽ 5 മണിക്കുർ വരെ സെർവ്വർ പ്രവർത്തനങ്ങൾ നിലയ്ക്കാൻ

സാധ്യതയുണ്ട്. Assignment , submission deadline കളും മറ്റും ഇതിനനുസരിച്ച് അധ്യാപകർ മാറ്റിത്തരുന്നതായിരിക്കും.

12) നിങ്ങൾക്ക് മൂഡിൽ login പ്രശ്നങ്ങൾ, password lock എന്നിവ വന്നാൽ moodlesupport@ceattingal.ac.in എന്ന ഐഡിയിലേക്ക് സ്ക്രീൻ ഷോട്ട് സഹിതം മെയിൽ അയക്കുക. കൃത്യമായ വിവരങ്ങൾ ഉണ്ടെങ്കിലേ ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കാനാകു. ഇതിനായി കോളേജ് മെയിൽ ഐഡി ഉപയോഗിക്കാൻ ശ്രദ്ധിക്കുക. പാസ് വേർഡുകൾ മറ്റുള്ളവർക്ക് ഷെയർ ചെയ്യാതിരിക്കാൻ ശ്രദ്ധിക്കുക.
13) ലാബ് ക്ലാസുകൾ online ആക്കുന്നതിന് virtual lab സംവിധാനം ഉടനെ ഏർപ്പെടുത്തുന്നതായിരിക്കും. എന്നാൽ ചില ലാബുകൾ നേരിൽത്തന്നെ ചെയ്യേണ്ടതുണ്ട്. അത്തരം ലാബുകൾ ചെയ്യാൻ അവസരം government restrictions മാറ്റുന്ന മുറക്ക് കോളേജിൽ നൽകുന്നതായിരിക്കും.
14) മറ്റ് നിർദേശങ്ങൾ തുടർന്നുള്ള ദിവസങ്ങളിൽ email വഴി ലഭ്യമാക്കും. ഇനി മുതൽ എല്ലാ വിധ അറിയിപ്പുകളും college email വഴിയാകും അയക്കുക. അതിനാൽ email ദിവസേന പരിശോധിക്കാൻ മറക്കരുത്.

എല്ലാവരും സ്വന്തം പഠനത്തിലും ആരോഗ്യത്തിലും പ്രത്യേകം ശ്രദ്ധിക്കാൻ ശ്രമിക്കുക. കൊറൊണയെ നമ്മൾ കീഴ്പ്പെടുത്തുക തന്നെ ചെയ്യും. എല്ലാവർക്കും വിജയാശംസകൾ.

പ്രിൻസിപ്പാൾ